# COCHIN DEVASWOM BOARD
**Round North, Thrissur – 680 001**
PH: 2331124, 2327028
E-mail: admin@cochindevaswomboard.org


No. A9. 10175/2011 Dated: 19/10/2024

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സെൻട്രൽ സ്റ്റോക്കിലുള്ളതും, എടുക്കാത്തതും, പ്രചാരത്തിലില്ലാത്തതുമായ 25 പൈസ നാണയങ്ങൾ 91,487 എണ്ണം (ഏകദേശം 300 കി.ഗ്രാം) മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ പ്രകാരം നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

Sealed ടെണ്ടറുകൾ 28/10/24 ഉച്ചയ്ക്ക് ശേഷം 3.00 മണിയ്ക്ക് മുൻപായി കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലെ ടെണ്ടർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 10,000/- കയുടെ DD (പതിനായിരം രൂപ മാത്രം) ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ അടക്കം ചെയ്യേണ്ടതാണ്. DD അടക്കം ചെയ്യാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ കി.ഗ്രാം 1 ക്ക് ഇത്ര രൂപ എന്നും, അല്ലെങ്കിൽ ഒരു നാണയത്തിന് ഇത്ര പൈസ എന്ന രീതിയിലും സമർപ്പിക്കാവുന്നതാണ്. ആയതിൽ ഏതാണോ വകുപ്പിന് ഗുണകരമെന്ന് തോന്നുന്നത് ആയത് ബഹു:ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്. 3.00 മണിയ്ക്ക് ശഷം വരുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ അന്നേ ദിവസം 3.30 ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞാൽ വിവരം അറിയിക്കുന്നതും, 10 ദിവസത്തിനകം ടെണ്ടർ പ്രകാരമുള്ള സംഖ്യ മുൻകൂർ RTGS/NEFT വഴി അടച്ച് കൊണ്ടു പോകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.(Contact No.0487-2331124) ടെണ്ടർ വകുപ്പിന് ഗുണകരമല്ലെന്ന് കണ്ടാൽ മാറ്റി വെക്കുന്നതിനും, റദ്ദാക്കുന്നതിനും, താഴെ ഒപ്പിടുന്ന ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്
ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്